(സി) കേന്ദ്ര സർക്കാർ മികവിന്റെ കേന്ദ്രം പദ്ധതിയിൽ ഇംഹാൻസിനെ ഉൾപ്പെടുത്തുകയും 30 കോടി രൂപ ഗ്രാന്റായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഈ തുകയിൽ 27 കോടി രൂപ അടിസ്ഥാന സൗകര്യ വികസനത്തിനും 3 കോടി രൂപ ശമ്പളത്തിനുമാണ് അനുവദിച്ചിട്ടുള്ളത്.

(ഡി) കേന്ദ്ര സർക്കാർ ഇംഹാൻസിന് നൽകിയ ഫണ്ടിൽനിന്നും 8,47,50,628 (എട്ട് കോടി നാല്പത്തിയേഴ് ലക്ഷത്തി അമ്പതിനായിരത്തി അറുന്നൂറ്റി ഇരുപത്തിയെട്ട്) രൂപ ഹെൽത്ത് & ഫാമിലി വെൽഫെയർ സൊസൈറ്റിയിലേക്ക് സറണ്ടർ ചെയ്തിട്ടുണ്ട്.

(ഇ) 2010-11 സാമ്പത്തിക വർഷത്തിൽ 20.84 കോടി രൂപ ഗ്രാന്റായി കേന്ദ്ര സർക്കാർ ഇംഹാൻസിന് നല്കിയിരുന്നു. ഇതിൽ 12,90,79,816 രൂപ വിവിധ പ്രവർത്തനങ്ങൾക്കായി ഇംഹാൻസ് ചെലവഴിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിൽനിന്ന് ലഭിച്ച ഗ്രാന്റുകളുമായി ബന്ധപ്പെട്ടുള്ള യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് പൂർണ്ണമായും സമർപ്പിക്കാത്ത സ്ഥാപനങ്ങൾ ടി യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റുകൾ കൃത്യമായി സമർപ്പിക്കേണ്ടതാണെന്നും ചെലവഴിക്കാത്ത തുക തിരിച്ചടയ്ക്കണമെന്നുമുള്ള പൊതു നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരിലേക്ക് തിരിച്ചടയ്ക്കുന്നതിനായി പലിശയുൾപ്പെടെ 8,47,50,628 രൂപ ഇംഹാൻസ് സംസ്ഥാന ഹെൽത്ത് & ഫാമിലി വെൽഫെയർ സൊസൈറ്റിയിലേക്ക് സറണ്ടർ ചെയ്തിട്ടുണ്ട്.

കാഞ്ഞങ്ങാട് മണ്ഡലത്തിലെ ആശുപത്രികളിലെ ഡോക്ടർമാരും പാരാമെഡിക്കൽ സ്റ്റാഫും

83 (2634) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിലെ കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിലും പി.എച്ച്.സി.-കളിലും നിലവിൽ ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും എത്ര തസ്തികകളുണ്ടെന്ന് ആശുപത്രി, തസ്തിക തിരിച്ച് വെളിപ്പെടുത്താമോ ;

(ബി) ഇതിൽ ഓരോ ആശുപത്രികളിലും എത്ര ഡോക്ടർമാരും പാരാ മെഡിക്കൽ സ്റ്റാഫും നിലവിൽ സേവനമനുഷ്ഠിക്കുന്നുണ്ടെന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) കാഞ്ഞങ്ങാട് മണ്ഡലത്തിലെ കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിലും പി.എച്ച്.സി.-കളിലും അനുവദിച്ചിട്ടുള്ള ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും തസ്തികകളുടെ വിവരവും അവയിൽ നിലവിലുള്ളവരുടെ വിവരവും അനുബന്ധമായി ചേർത്തിരിക്കുന്നു.*

ടൈകോൾസാൻ ക്യാൻസർ രോഗത്തിനു കാരണമാകുന്നത് സംബന്ധിച്ച പഠനം

84 (2635) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സോപ്പ്, ടൂത്ത്പേസ്റ്റ്, ഷാംപൂ എന്നിവയിൽ ബാക്ടീരിയ, ഫംഗസ് ബാധയെ പ്രതിരോധിക്കുന്നതിന് ഉപയോഗിക്കുന്ന ടൈകോൾസാൻ എന്ന പദാർത്ഥം മനുഷ്യരിൽ ക്യാൻസർ രോഗത്തിന് കാരണമാകുന്നു എന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തെക്കുറിച്ച് പഠനം നടത്തുന്നതിന് ആരോഗ്യ വകുപ്പ് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) സോപ്പ്, ടൂത്ത് പേസ്റ്റ്, ഷാംപൂ എന്നിവയിൽ ബാക്ടീരിയ, ഫംഗസ് ബാധയെ പ്രതിരോധിക്കുന്നതിന് ഉപയോഗിക്കുന്ന ടൈകോൾസാൻ എന്ന പദാർത്ഥം മനുഷ്യരിൽ ആരോഗ്യ പ്രശ്നങ്ങൾ ഉളവാക്കുന്നുണ്ടോ എന്നുള്ളതിനെ കുറിച്ച് ആഗോളതലത്തിൽ പഠനങ്ങൾ നടന്നുവരികയാണ്.

കുറ്റിലങ്ങാട് താലൂക്ക് ആശുപത്രി

85 (2636) ശ്രീ.മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുറ്റിലങ്ങാട് താലൂക്ക് ആശുപത്രിയുടെ സ്റ്റാഫ് പാറ്റേൺ പുതുക്കുന്നതു സംബന്ധിച്ച് കോട്ടയം ഡി.എം.ഒ. റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(ബി) റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കാമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly